**"ഭരണഭാഷ - മാതൃഭാഷ"**

DGE/11198/2024-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 26-07-2025

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം -സ്കൂളുകളിൽ സുരക്ഷ നിർദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.07.2025 ൽ ചേർന്ന യോഗം.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.05.2025 ലെ DGE/9520/2025/QIP1 നമ്പർ സർക്കുലർ.

2. ഈ കാര്യാലയത്തിലെ 31.05.2025 ലെ ഇതേ നമ്പർ സർക്കുലർ.

2025- 26 അധ്യയന വർഷം സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി, സ്കൂൾ സുരക്ഷയും, കുട്ടികളുടെ സുരക്ഷയും, ആരോഗ്യവും കണക്കിലെടുത്ത് പാലിക്കേണ്ട സുരക്ഷ നിർദേശങ്ങൾ സൂചന 2 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയം അതീവ ഗൌരവമായി കാണുന്നതിനും സുരക്ഷ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായും സൂചന (3) പ്രകാരം അധിക നിർദേശങ്ങൾ നൽകിയിരുന്നു. നിലവിലുള്ള പ്രതികൂല കാലാവസ്ഥയും സാഹചര്യങ്ങളും കണക്കിലെടുത്ത് 25.07.2025 ന് വിദ്യാഭ്യാസ ഓഫീസർമാരുടെ സംസ്ഥാനതല യോഗം ബഹു പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി സൂചന (1) പ്രകാരം വിളിച്ചു ചേർക്കുകയും കുട്ടികളുടെ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതിനാൽ സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ സ്കൂൾ തലത്തിൽ അവലോകനം നടത്തി വേണ്ടത്ര സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതിനു കർശന നിർദേശം നൽകി .സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അടിയന്തര പരിശോധന നടത്തുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സുരക്ഷ പരിശോധനയ്ക്കായി ജില്ലയിൽ ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി, ഡയറ്റ് പ്രിൻസിപ്പൽ, കൈറ്റ് ജില്ല കോർഡിനേറ്റർ, ഡി പി സി,വിദ്യാകിരണം ജില്ല കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ ആവശ്യമായ ടീമുകൾ രൂപീകരിക്കേണ്ടതാണ്. ( സ്കൂളുകളുടെ എണ്ണം കണക്കിലെടുത്ത് ആവശ്യമെങ്കിൽ കൂടുതൽ ടീമുകളെ നിയോഗിക്കാവുന്നതാണ്.) ഈ ടീമുകൾ നേരിട്ട് ഓരോ സ്കൂളുകളും 3 ആഴ്ചക്കകം സന്ദർശിച്ച് അനുബന്ധമായി നൽകിയിട്ടുള്ള ചെക്ക് ലിസ്റ്റ് പ്രകാരമുള്ള സുരക്ഷ ഒരുക്കിയിട്ടുണ്ടോ എന്നത് പരിശോധിച്ച് ഈ ഓഫീസിൽ റിപ്പോർട്ട് നൽകണം.എസ് എസ് കെ യുടെ ജില്ല ഓഫീസുകളിലെ എഞ്ചിനീയർമാരുടെ സേവനം കൂടി

ലഭ്യമാക്കാവുന്നതാണ്. റിപ്പോർട്ട് ക്രോഡീകരിക്കുന്ന ചുമതല ഡയറ്റുകൾക്ക് നൽകുന്നു.

2. സുരക്ഷ ക്രമീകരണങ്ങളിൽ അടിയന്തിരമായി പരിഹരിക്കേണ്ടവ സംബന്ധിച്ച് അതതു വിദ്യാഭ്യാസ ഉപഡയറക്ടർമാർ 31.07.2025 ന് മുൻപായി ബന്ധപെട്ട വകുപ്പുകൾക്ക് കത്ത് നൽകണം. സമീകൃത റിപ്പോർട്ട് ദുരന്ത നിവാരണ ചെയർമാനായ ജില്ല കളക്ടർക്ക് നൽകണം. ആയതിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കണം .

സുരക്ഷ പരിശോധന ഉറപ്പാക്കുന്നതിന് ഒരു സ്കൂളിൽ ഒരു നോഡൽ ഓഫീസർ എന്ന ക്രമത്തിൽ ഉദ്യോഗസ്ഥരെ ക്രമീകരിക്കുന്നതിനു കൂടി ശ്രദ്ധിക്കേണ്ടതാണ്.

Signed by
Shanavas S
Date: 26-07-2025 13:15:22
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കൻഡറി വിഭാഗം)
4. എല്ലാ എ.ഡി മാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
5. എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്കും (എസ്.എസ്.കെ)

7.എല്ലാ ജില്ലാ കൈറ്റ് കോർഡിനേറ്റർമാർക്കും

9. എല്ലാ ജില്ലാ വിദ്യാകിരണം കോർഡിനേറ്റർമാർക്കും

10. എല്ലാ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർമാർക്കും (എസ്.എസ്.കെ)

11. എല്ലാ പ്രധാനധ്യാപകർ/ പ്രിൻസിപ്പൽ മാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം
3. ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
4. ഡയറക്ടർ, എസ്.ഐ.ടി തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ,കൈറ്റ്
6. അസിസ്റ്റന്റ് കോർഡിനേറ്റർ ,വിദ്യാകിരണം

## സ്കൂൾ സുരക്ഷ ഓഡിറ്റുമായി ബന്ധപ്പെട്ട ചെക്ക് ലിസ്റ്റ്

| ക്രമ നം | പ്രവർത്തനങ്ങൾ | നടപടി റിപ്പോർട്ട് |
|---|---|---|
| 1 | 2025-26 ലെ ഫിറ്റ്നസ് ലഭ്യമായിട്ടുണ്ടോ? | |
| 2 | Temporary Fitness ആണോ ലഭ്യമായിട്ടുള്ളത്? | |
| 3 | ഫിറ്റ്നസ് ലഭ്യമായ തീയതി? കാലാവധി? | |
| 4 | ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ ramp rail, adapted toilet എന്നിവ ലഭ്യമാണോ? | |
| 5 | സ്കൂൾ കെട്ടിടങ്ങളുടെ ഭിത്തി, തറ സുരക്ഷിതമാണോ? | |
| 6 | ക്ലാസ്സ് മുറികളിൽ (ഭിത്തിയിലും, തറയിലും) ഇഴജന്തുക്കൾക്ക് കയറിയിരിക്കാവുന്ന തരത്തിൽ ദ്വാരങ്ങൾ ഉണ്ടോ? | |
| 7 | സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ? | |
| 8 | നിർമ്മാണം നടക്കുന്ന സ്ഥലം സുരക്ഷിതമാണോ ? | |
| 9 | വേലി കെട്ടി മറച്ചിട്ടുണ്ടോ ? | |
| 10 | നിർമ്മാണ സാമഗ്രികൾ സുരക്ഷിതമായ രീതിയിലാണോ ക്രമീകരിച്ചിരിക്കുന്നത്? | |
| 11 | നിർമ്മാണ സ്ഥലത്ത് Danger sign board (അപകട സൂചന ബോർഡ്) സ്ഥാപിച്ചിട്ടുണ്ടോ? | |
| 12 | നിർമ്മാണ തൊഴിലാളി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ? | |
| 13 | പ്രചരണ സാമഗ്രികൾ, കൊടി തോരണങ്ങൾ സുരക്ഷിതമായാണോ സ്ഥാപിച്ചിരിക്കുന്നത്? | |
| 14 | സ്കൂളിനും പരിസരത്തും അപകടകരമായ രീതിയിൽ മരങ്ങളോ മരച്ചില്ലകളോ ഉണ്ടോ? | |
| 15 | വിദ്യാലയങ്ങൾക്ക് സമീപം ട്രാഫിക് sign boardസ്ഥാപിച്ചിട്ടുണ്ടോ? | |
| 16 | പ്രചരണ സാമഗ്രികൾ മൂലം ഗതാഗതത്തിൽ തടസ്സമോ, അപകട സാധ്യതയോ ഉണ്ടോ? | |

| | | |
|---|---|---|
| | | |
| 17 | സ്കൂൾ സമീപത്തുള്ള വെള്ളക്കെട്ട്, കുഴൽ കിണർ എന്നിവ സുരക്ഷിതമാണോ? | |
| 18 | കുട്ടികൾ ബസ്/ വാഹനം ഇറങ്ങുന്ന സ്ഥലത്തും, ബസ്/ വാഹനം കാത്ത് നിൽക്കുന്ന സ്ഥലത്തും മരച്ചില്ലകൾ, വൈദ്യുതി കമ്പികൾ, പരസ്യബോർഡുകൾ, മറ്റ് നിർമ്മാണങ്ങൾ അപകടാവസ്ഥയിൽ ഉണ്ടോ? | |
| 19 | കിണറിന് സുരക്ഷിതമായി മേൽ മൂടി ഒരുക്കിയിട്ടുണ്ടോ? | |
| 20 | വൈദ്യുതപോസ്റ്റ്, ഇലക്ട്രിക്‌ലൈൻ, സ്റ്റേ വെയർ എന്നിവ സുരക്ഷിതമായാണോ സ്ഥാപിച്ചിരിക്കുന്നത്? | |
| 21 | ട്രാൻസ്ഫോർമാറുകൾക്ക് സുരക്ഷാ വേലിയുണ്ടോ? | |
| 22 | അപകട സാധ്യതയുള്ള മതിലുകൾ ,ചുമരുകൾ. സൈക്കിൾ ഷെഡ്, പാചകപ്പുര, മൂത്രപ്പുര തുടങ്ങിയവ ഉണ്ടോ? | |
| 23 | ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ടോ? | |
| 24 | ഉപയോഗ ശൂന്യമായ ഫർണീച്ചർ കെട്ടിക്കിടക്കുന്നുണ്ടോ? | |
| 25 | യഥാസമയം നീക്കം ചെയ്യപ്പെടാത്ത മാലിന്യം, ജൈവ, അജൈവ ഈ വേസ്റ്റ് മുതലായവ ഉണ്ടോ? | |
| 26 | സ്കൂളിലേക്കുള്ള വഴി, കോമ്പൗണ്ട് എന്നിവിടങ്ങളിൽ ഇഴജന്തുക്കളുടെ സാന്നിദ്ധ്യം ഇല്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ? | |
| 27 | സ്കൂളിനും പരിസരത്തും കുറ്റിക്കാടുകൾ, പാഴ് ചെടി എന്നിവ നീക്കം ചെയ്തിട്ടുണ്ടോ? | |
| 28 | തകരാറിലായ ഇലക്ട്രിക് സാമഗ്രികൾ (സ്വിച്ച് ബോർഡ്, ഇലക്ട്രിക് വയർ മുതലായ) ഉണ്ടോ? | |
| 29 | ഉപയോഗിക്കാതെ കിടക്കുന്ന പഴയ കെട്ടിടങ്ങളിലെ ഇലക്ട്രിക് കണക്ഷൻസ് വിച്ഛേദിച്ചിട്ടുണ്ടോ? | |
| | ജനാലകൾ, കതകുകൾ, സീലിങ് എന്നിവ | |

| | | |
|---|---|---|
| 30 | ശരിയായ രീതിയിൽ ഉറപ്പിച്ചിട്ടുണ്ടോ? | |
| 31 | റോഡ്, റെയിൽവേ ലൈൻ, ജലഗതാഗതം എന്നിവ സുരക്ഷിതമായി മുറിച്ചു കടക്കുന്നതിന് sign board, ആവശ്യമായ ബോധവത്ക്കരണം നൽകിയിട്ടുണ്ടോ? | |
| 32 | COTPA 2003 ബോർഡ്, ഹെൽപ്പ് ലൈൻ നമ്പറുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ? | |
| 33 | സ്കൂൾ കോമ്പൗണ്ടിൽ സുരക്ഷിതമായി വാഹനങ്ങൾ ഓടിക്കുന്നതിനും പാർക്ക് ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോ? | |
| 34 | സ്കൂളിന് മുൻപിലെ റോഡുകളിൽ സ്പീഡ് ബ്രേക്കർ, ഹംപ്, സ്കൂൾ sign board എന്നിവ സ്ഥാപിച്ചിട്ടുണ്ടോ? | |
| 35 | സ്കൂൾ പരിസരത്തെ കടകളിൽ ലഹരി പദാർത്ഥങ്ങൾ, നിരോധിത ഉൽപ്പന്നങ്ങൾ ഇല്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടോ? | |
| 36 | ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ? | |
| 37 | ടോയ്‌ലെറ്റുകൾ വൃത്തിയായും സുരക്ഷിതമായും ക്രമീകരിച്ചിട്ടുണ്ടോ? | |
| 38 | ശുചിമുറികളിൽ ആവശ്യമായ lighting ഉണ്ടോ? | |
| 39 | വാട്ടർ ടാങ്ക്, ജലസംഭരണികൾ എന്നിവ വൃത്തിയാക്കി സൂക്ഷിച്ചിട്ടുണ്ടോ? | |
| 40 | അടുക്കള, പാചകം ചെയ്യുന്ന പാത്രങ്ങൾ എന്നിവ ദൈനംദിനം ശുചീകരിക്കുന്നുണ്ടോ? | |
| 41 | കാലഹരണപ്പെട്ട ഭക്ഷണ ധാന്യങ്ങൾ ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ? | |
| 42 | പ്രഥമ ശുശ്രൂഷാ കിറ്റ് സൂക്ഷിച്ചിട്ടുണ്ടോ? | |
| 43 | പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ടോ? | |
| 44 | ആമ്പുലൻസ് സർവ്വീസുകളുടെ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ടോ? | |
| | | |

| | | |
|---|---|---|
| 45 | ആന്റിവെനം പരിചരണം ഉടനടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | |
| 46 | തീപിടുത്തം, വെള്ളപ്പൊക്കം, ഭൂചലനം മറ്റ് അടിയന്തിര സാഹചര്യങ്ങളിലുള്ള തയ്യാറെടുപ്പ് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | |
| 47 | സമഗ്ര സുരക്ഷാ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ? | |
| 48 | വന അതിർത്തി പങ്കിടുന്ന സ്കൂളിൽ വന്യ മൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനും, കുട്ടികൾ വന അതിർത്തിയിലൂടെ പോകേണ്ടി വരുന്ന പക്ഷം, അടിക്കാടുകൾ വെട്ടിമാറ്റുന്നതിനും വനം വകുപ്പിന് നിർദേശം നൽകിയിട്ടുണ്ടോ? ആയത് നടപ്പിലക്കിയിട്ടുണ്ടോ? | |
| 49 | ഓരോ സാധ്യായ ദിവസങ്ങളിലും രാവിലെ മുതൽ വൈകുന്നേരം വരെ കുട്ടികളുടെ പൊതുവായ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേകം ചുമതല കൊടുത്ത് അധ്യാപകനെ/ അധ്യാപികയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? ഇതിനായി പ്രത്യേകം നിർദേശം സ്കൂൾ പ്രിൻസിപ്പൽ/ ഹെഡ് മാസ്റ്റർ ലെഭ്യമാക്കിയിട്ടുണ്ടോ? | |
| 50 | സ്കൂൾ ബസുകൾക്ക് ഫിറ്റ്നസ്, ഡ്രൈവർമാരുടെ ലൈസൻസ് എന്നിവ വാലിഡ് ആണോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | |

**വിദ്യാഭ്യാസ ഓഫീസറുടെ പേരും ഒപ്പും**